**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

**<u>വിജ്ഞാപനം</u>**

# KEAM - 2025
## ആയുർവേദ/ഹോമിയോ/സിദ്ധ/യൂനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ്

### പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ അവസരം

2025-26 അദ്ധ്യയന വർഷത്തെ ആയുർവേദ/ഹോമിയോ/സിദ്ധ/യൂനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് നടത്തുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർ ത്ഥികൾ ക്കും, 31.10.2025-ലെ വിജ്ഞാപന പ്രകാരം/മുൻ വിജ്ഞാപനങ്ങൾ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്കും 10 .11 .2025 ഉച്ചയ്ക്ക് 12 .30 മണി വരെ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം. എന്നിരുന്നാലും പുതുക്കിയ കേരള സ്റ്റേറ്റ് മെറിറ്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളെ ആയുഷ് കോഴ്സുകൾക്കുള്ള അലോട്ട്മെന്റിനായി മാത്രമേ പരിഗണിക്കുകയുള്ളൂ.

ഓൺലൈൻ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് 'Stray Vacancy Option Registration' എന്ന മെനു ക്ലിക്ക് ചെയ്ത് ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രക്രിയയിൽ ഉണ്ടാകാനിടയുള്ള ഒഴിവുകളും ഈ ഘട്ടത്തിൽ തന്നെ നികത്തപ്പെടുമെന്നതിനാൽ താത്പര്യമുള്ള എല്ലാ കോളേജിലേയ്ക്കും, കോഴ്സിലേയ്ക്കും ഓപ്ഷൻ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടും എന്ന് ഉറപ്പുള്ള കോളേജുകളിൽ/കോഴ്സുകളിൽ മാത്രം ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

**<u>സ്ട്രേ വേക്കൻസി ഫില്ലിംഗ്അലോട്ട്മെന്റ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ</u>**

- മൂന്നാംഘട്ട അലോട്ട്മെന്റിനെ തുടർന്ന് കോളേജുകളിൽ പ്രവേശനം നേടിയവർക്ക് സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

- മൂന്നാംഘട്ട അലോട്ട്മെന്റ് ലഭിച്ചിട്ടും ജോയിൻ ചെയ്യാത്തവർക്ക് സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

- Phase I, Phase II, Phase III, അലോട്ട്മെന്റ് ഘട്ടങ്ങളിൽ അലോട്ട്മെന്റ് ലഭിക്കുകയും ഇപ്പോഴും

പ്രവേശനത്തിൽ തുടരുന്നതുമായവർക്ക് സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

- AACCC നൽകുന്ന INELIGIBLE LIST-ൽ ഉൾപ്പെട്ടവരെ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ നിന്നും ഒഴിവാക്കുന്നതാണ്.
- സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ ലഭിക്കുന്ന സീറ്റുകളിൽ പിന്നീട് യാതൊരു കാരണവശാലും മാറ്റം അനുവദിക്കുന്നതല്ല.

**<u>രജിസ്ട്രേഷൻ ഫീസ്</u>**

സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് താഴെ പറയും പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് ബാധകമായിരിക്കും. രജിസ്ട്രേഷൻ ഓൺലൈനായി ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.

- സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികൾ രജിസ്ട്രേഷൻ ഫീസായി 5,000/- രൂപ (അയ്യായിരം രൂപ) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യതൊഴിലാളികളുടെ മക്കൾ/ OEC യ്ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ /20.06.2005 തീയതിയിലെ G.O(MS)No.25/2005/SCSTDD, G.O(MS)No.10/20148/BCDD തീയതി 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്ര ഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവയിലെ വിദ്യാർത്ഥികളും 500/- രൂപ രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'കാൻഡിഡേറ്റ് പോർട്ടൽ'** വഴി ലോഗിൻ ചെയ്യുമ്പോൾ ലഭ്യമാകുന്ന സ്ട്രേ വേക്കൻസി രജിസ്ട്രേഷൻ പേജിൽ വിദ്യാർത്ഥികൾ നൽകുന്ന വിവരങ്ങൾക്കനുസരിച്ച് അവരവർക്ക് ബാധകമായ രജിസ്ട്രേഷൻ ഫീസ് നിശ്ചയിക്കപ്പെടുന്നതാണ്. സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ ബാധകമായ രജിസ്ട്രേഷൻ ഫീസ് ഒടുക്കിയതിനുശേഷം മാത്രമേ വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളു. ഒരിക്കൽ രജിസ്ട്രേഷൻ ഫീസ് അടച്ചു കഴിഞ്ഞാൽ പിന്നീട് രജിസ്ട്രേഷൻ ഫീസിൽ ഒരു തരത്തിലുള്ള മാറ്റവും അനുവദിക്കുന്നതല്ല. ആയതിനാൽ രജിസ്ട്രേഷൻ ഫീസ് നിശ്ചയിക്കുന്നതിനായി വിവരങ്ങൾ നൽകുമ്പോൾ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- സ്ട്രേ വേക്കൻസി ഫില്ലിംഗ്അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ തുക അലോട്ട്മെന്റ് ലഭിച്ച കോഴ്സുകളുടെ ഫീസിനത്തിൽ വകയിരുത്തുന്നതാണ്. സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ അവസാനിച്ച ശേഷം തിരികെ നൽകുന്നതാണ്.
- സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ച ശേഷം നിശ്ചിത തീയതിക്കുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെയോ മുൻ അലോട്ട്മെന്റിലൂടെയോ പ്രവേശനം നേടിയ ശേഷം വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികളുടെയും അവരവർ ബാധകമായ രജിസ്ട്രേഷൻ ഫീ പെനാൽറ്റിയായി

കണക്കാക്കുന്നതും തിരികെ നൽകുന്നതുമല്ല. ഇത്തരം വിദ്യാർത്ഥികളിൽ നിന്നും പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം പിഴ ഈടാക്കുന്നതുമാണ്.

- അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജിലേയ്ക്കും, കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

**ഫീസ്**

ആയൂർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള വിവിധ കോളേജുകളിലെ ഫീസ് നിരക്ക് വെബ്സൈറ്റിൽ ലഭ്യമാണ്. അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി/ഒ.ഇ.സി ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ, 20.06.2005 തീയതിയിലെ G.O.(Ms) No.25/2005/SCSTDD, 23.05.2014 തീയതിയിലെ G.O.(Ms) No.10/2014/BCDD എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും അഡ്മിഷൻ സമയത്ത് ട്യൂഷൻ ഫീസ് അടയ്ക്കേണ്ടതില്ല. **എന്നാൽ മേൽ വിദ്യാർത്ഥികൾക്ക് ആയുഷ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റ് ലഭിക്കുന്ന പക്ഷം ഫീസിളവിന് അർഹരലതായിത്തീരും.**

**അലോട്ട്മെന്റ് ഷെഡ്യൂൾ**

| | |
|---|---|
| 06.11.2025 | ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിക്കുന്നു. |
| 10.11.2025, 12.30 PM | ഓപ്ഷൻ രജിസ്ട്രേഷൻ അവസാനിക്കുന്നു. |
| 11.11.2025 | താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 12.11.2025 | അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 13.11.2025 to 15.11.2025, 4.00 PM | അലോട്ട്മെന്റ് മേമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ ബാക്കി തുക (ബാധകമെങ്കിൽ) ഒടുക്കി അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ പ്രവേശനം നേടാനുള്ള സമയം |
| 15.11.2025, 5.00 PM | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ OAMS മുഖേന അപ്ഡേറ്റ് ചെയ്യാനുള്ള സമയം |

ഈ ഘട്ടത്തിലെ അലോട്ട്മെന്റിന് ശേഷം ആയൂർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം അവ രണ്ടാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ നികത്തുന്നതാണ്. സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് ലഭിച്ച ശേഷം പ്രവേശനം നേടാതിരിക്കുകയോ, പ്രവേശനം നേടിയ ശേഷം വിടുതൽ വാങ്ങുകയോ ചെയ്യുന്ന വിദ്യാർത്ഥികളെ രണ്ടാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ ഉൾപ്പെടെ പങ്കെടുപ്പിക്കുന്നതല്ല.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

Signed by
Arun S Nair
Date: 06-11-2025 16:28:52
**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

06-11-2025